# കോളേജ് ഓഫ് എഞ്ചിനീയറിംഗ് ചേർത്തല

NO.P/268/PTA/CEC/2025 തീയതി: 02.06,2025

കോളേജ് ഓഫ് എഞ്ചിനീയറിംഗ് ചേർത്തലയിലെ വിദ്യാർഥികൾക്കും ജീവനക്കാർക്കും ഹോസ്റ്റലിൽ ഉള്ള കുട്ടികൾക്കും വേണ്ടി കോളേജ് കോമ്പൗണ്ടിനുള്ളിൽ പ്രത്യേകം പണിയിച്ചിട്ടുള്ള കെട്ടിടത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കാന്റീൻ നടത്തുവാൻ താല്പര്യം ഉള്ളവരിൽ നിന്നും മുദ്ര വച്ച ക്വോട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വോട്ടേഷനുകൾ 16.06.2025 ഉച്ചയ്ക്ക് 1 മണിക്ക് മുമ്പായി കോളേജ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം ഉച്ചക്ക് 2 മണിക്ക് ക്വോട്ടേഷനുകൾ കോളേജ് ഓഫീസിൽ വച്ചു തദവസരത്തിൽ സന്നിഹിതരായുള്ളവരുടെ സാന്നിധ്യത്തിൽ പൊട്ടിക്കുന്നതും ശേഷം കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കരാർ ഉറപ്പിച്ചു കൊടുക്കുന്നതുമാണ്.

## നിബന്ധനകൾ

1. കരാർ ലഭിക്കുന്നയാൾ കരാർ ലഭിച്ചാൽ ഉടൻ 10000/- രൂപ കരുതൽ ധനം കോളേജ് പി.ടി.എ യിൽ അടച്ചിരിക്കണം.
2. കാന്റീനുവേണ്ടി വിട്ടുതരുന്ന കെട്ടിടത്തിനോ, മറ്റു സാധനങ്ങൾക്കോ യാതൊരുവിധ കേടുപാടുകളോ, രൂപമാറ്റമോ വരുത്തുവാൻ പാടുള്ളതല്ല. മറിച്ച് സംഭവിച്ചാൽ കരുതൽ ധനം മുതൽകൂട്ടുകയും സ്ഥാപനത്തിന് വരുന്ന കഷ്ടനഷ്ടങ്ങൾ കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും ഈടാക്കുന്നതുമാണ്.
3. കരാറിൻറെ കാലാവധി സാധാരണയായി കരാർ ഒപ്പിടുന്ന തീയതി മുതൽ ഒരു വർഷമായിരിക്കും.
4. കാന്റീൻ നടത്തിപ്പിലേക്കു വേണ്ടുന്ന സാധന സാമഗ്രികൾ കരാറുകാരൻ കൊണ്ടുവരേണ്ടതാണ്.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മറ്റു റെഗുലേറ്ററി അതോറിറ്റികളിൽ നിന്നും കാന്റീൻ നടത്തിപ്പിന് ആവശ്യമായ ലൈസെൻസുകളും മറ്റു അനുമതികളും കരാറുകാരൻ തന്നെ സമ്പാദിക്കേണ്ടതാണ്.
6. കാന്റീൻ വൃത്തിയായും വെടിപ്പായും സൂക്ഷിക്കേണ്ടതാണ്.
7. ഇതിൽ നിർദേശിക്കും പ്രകാരം തൂക്കത്തിലും അളവിലും ഭക്ഷണ പദാർഥങ്ങൾ വിതരണം ചെയ്യേണ്ടതാണ്.
8. നിലവാരമുള്ള ആഹാരപദാർഥങ്ങൾ മാത്രമേ ക്യാന്റീനിൽ വിതരണം പാടുള്ളൂ.

9. കരാർ നീട്ടുവാനോ കാലാവധിക്ക് മുൻപായി കരാറുകാരനെ പിരിച്ചുവിടാനോ കോളേജ് പ്രിൻസിപ്പലിന് അധികാരമുണ്ടായിരിക്കുന്നതാണ്.
10. പ്രിൻസിപ്പാൾ ചുമതലപ്പെടുത്തുന്ന ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിലായിരിക്കും കാന്റീൻ പ്രവർത്തിക്കുക. കമ്മിറ്റിക്ക് ഏതവസരത്തിലും കാന്റീൻ നടത്തിപ്പും ഭക്ഷണസാധനങ്ങൾ പരിശോധിക്കുവാനും അധികാരമുണ്ടായിരിക്കുന്നതാണ്.
11. വില നിലവാരപട്ടിക ക്യാന്റീനിൽ പ്രദർശിപ്പിക്കേണ്ടതാണ്.
12. കാന്റീൻ ഉപയോഗിക്കുന്ന വൈദ്യുതി വെള്ളം എന്നിവയുടെ ചാർജുകൾ കരാറുകാരൻ തന്നെ അതാത് മാസം കോളേജ് ഓഫീസിൽ അടക്കേണ്ടതാണ്.
13. ക്യാന്റീന്റെ പ്രവർത്തനം പ്രവർത്തി ദിവസങ്ങളിൽ മാത്രമായിരിക്കുന്നതും എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 8.00 മുതൽ വൈകിട്ട് 5.00 വരെ ആയിരിക്കേണ്ടതാണ്. അവധി ദിവസങ്ങളിലും മേൽ പറഞ്ഞിരിക്കുന്ന സമയത്തിന് മുൻപും ശേഷവും പ്രവർത്തിക്കേണ്ട സാഹചര്യത്തിൽ പ്രിൻസിപ്പാൾ പറയുന്നതനുസരിച്ച് കാന്റീൻ തുറന്ന് പ്രവർത്തിക്കേണ്ടതാണ്.
14. പ്രിൻസിപ്പാളിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ക്യാന്റീന്റെ പ്രവർത്തനം നിർത്തിവയ്ക്കാൻ പാടുള്ളതല്ല.
15. കാന്റീൻ കമ്മിറ്റിയുടെ അനുമതി കൂടാതെയുള്ള യാതൊരുവിധ ഭക്ഷ്യവസ്തുക്കളോ മറ്റു സാധനങ്ങളോ വിനിമയം ചെയ്യാൻ പാടുള്ളതല്ല.
16. ഉപയോഗ ശൂന്യമായ ആഹാരസാധനങ്ങളും (പ്ലാസ്റ്റിക്കുകളും മറ്റും) സ്വന്തം ചിലവിൽ അതാത് ദിവസം ക്യാമ്പസിൽ നിന്നും നീക്കേണ്ടതാണ്.
17. ക്യാന്റീനിൽ നിന്നുള്ള മലിനജലം നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികൾ കാന്റീൻ നടത്തിപ്പുകാർ തന്നെ സ്വീകരിക്കേണ്ടതാണ്.
18. ലെയ്സ്, കുർകുറെ പോലെയുള്ള പാക്കറ്റ് ഭക്ഷണ പദാർത്ഥങ്ങൾ, പുകയില ഉല്പന്നങ്ങൾ എന്നിവയുടെ വിൽപ്പന പൂർണമായും നിരോധിച്ചിരിക്കുന്നു.

CS CamScanner

ഇന വിവരം

| ഇനം | അളവ് | വില |
|---|---|---|
| ചായ | 6 ഔൺസ് | |
| കാപ്പി | 6 ഔൺസ് | |
| അപ്പം | 80 ഗ്രാം | |
| പുട്ട് | 80 ഗ്രാം | |
| ഇഡ്ഡലി | 80 ഗ്രാം | |
| ദോശ | 80 ഗ്രാം | |
| ചപ്പാത്തി | 60 ഗ്രാം | |
| പൊറോട്ട | 60 ഗ്രാം | |
| ഉപ്പുമാവ് | 100 ഗ്രാം | |
| അരി അട | 100 ഗ്രാം | |
| പരിപ്പുവട | 50 ഗ്രാം | |
| ഉഴുന്ന് വട | 50 ഗ്രാം | |
| നെയ്യപ്പം | 50 ഗ്രാം | |
| പഴം പൊരി | 50 ഗ്രാം | |
| സുഖിയൻ | 50 ഗ്രാം | |
| ബോണ്ട | 50 ഗ്രാം | |
| ഉണ്ടംപൊരി | 50 ഗ്രാം | |
| സമൂസ | 50 ഗ്രാം | |
| ഊണ് | ചോറ്ആവശ്യാനുസരണം നാലിനം കറികൾ- (അച്ചാർ, മോര്/രസം, പപ്പടം) | |
| ചിക്കൻ | കറി, റോസ്റ്റ്, ഫ്രൈ | |
| മട്ടൻ | കറി, റോസ്റ്റ്, ഫ്രൈ | |
| മീൻ | കറി, ഫ്രൈ | |
| ഓംലെറ്റ് | സിംഗിൾ, ഡബിൾ | |
| ബീഫ് കറി | ഫ്രൈ | |
| മുട്ടക്കറി | | |
| പരിപ്പുകറി | | |
| കടല കറി | | |
| പയറുകറി | | |
| കിഴങ്ങുകറി | | |
| ബിരിയാണി | | |
| ഫ്രൈഡ് റൈസ് | | |
| ഗീ റൈസ് | | |
| കൂൾ ഡ്രിംങ്ക്സ് | | |
| തണ്ണിമത്തൻ ജ്യൂസ് | | |
| ഫ്രെഷ് ലൈം | | |

| | | |
|---|---|---|
| സോഡാ ലൈം | | |
| ഷെയ്ക്ക് | | |
| ഫ്രെഷ് ജ്യൂസ് | | |

എല്ലാ സാധനങ്ങളുടെയും വില രേഖപ്പെടുത്തിയിരിക്കണം. മേൽപ്പറഞ്ഞ കറികൾ മാറി മാറി ഓരോ ദിവസവും തയ്യാറാക്കി വിതരണം ചെയ്യേണ്ടതാണ്.

COLLEGE OF ENGINEERING
CHERTHALA-688 541
MANAGED BY IHRD

പ്രിൻസിപ്പാൾ
PRINCIPAL
COLLEGE OF ENGINEERING
CHERTHALA, KERALA

Copy TO,

- Village Office
- Panchayath Office
- College Website
- College Notice board